ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE:21.06.2026**

പ്രധാനവാർത്തകൾ

1. അന്താരാഷ്ട്ര യോഗ ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ. യോഗാഭ്യാസ പ്രകടനങ്ങളിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും പങ്കെടുത്തു. യോഗ ദിന പരിപാടികളിൽ പങ്കുചേർന്ന് വിദേശരാജ്യങ്ങളും.
2. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ച നാളെ മുതൽ.
3. കൊതുക് ജന്യ പകർച്ചവ്യാധികൾ തടയുന്നതിനുള്ള 'ഡ്രൈ ഡേ' ആചരണത്തിന് സംസ്ഥാനത്ത് ഔദ്യോഗിക തുടക്കം. ദൗത്യത്തിൽ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായി ആരോഗ്യമന്ത്രി.
4. സംസ്ഥാനത്ത് നിപാ നിയന്ത്രണ വിധേയമെന്ന് ആരോഗ്യവകുപ്പ്. ക്വാറന്റൈനിലുള്ള ആർക്കും രോഗ ലക്ഷണങ്ങളില്ല.
5. 'കർഷക സഭയും ഞാറ്റുവേല ചന്തയും' പദ്ധതിക്ക് നാളെ തുടക്കമാകും. ഞാറ്റുവേല കൃഷി സംസ്കാരത്തെ പുതുതലമുറയിലേക്ക് എത്തിക്കുക ലക്ഷ്യം.
6. FIH നേഷൻസ് കപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യക്ക് രണ്ടാം കിരീടം. താരങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

&&&&&&&&&&&&&&&&&&

RNU TVPM

യോഗ ദിനം - പരിപാടികൾ

അന്താരാഷ്ട്ര യോഗ ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ നടന്നു. നിരവധി പേരാണ് പ്രായഭേദമന്യേ യോഗാപ്രകടനങ്ങളിൽ പങ്കെടുത്തത്. കൊൽക്കത്തയിലെ റെഡ് റോഡിൽ നടന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗാഭ്യാസ പ്രകടനങ്ങൾക്ക് നേതൃത്വം നൽകി. ശാരീരിക ക്ഷേമം മുതൽ മാനസിക സമാധാനം വരെ, ജീവിതത്തിന്റെ എല്ലാ മേഖലകളെയും യോഗ സമ്പന്നമാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മധ്യപ്രദേശിലെ ജബൽപൂരിൽ സംഘടിപ്പിച്ച യോഗദിന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി. വിവിധ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും നടന്ന യോഗ ആഘോഷങ്ങൾക്ക് കേന്ദ്ര - സംസ്ഥാന മന്ത്രിമാർ നേതൃത്വം നൽകി. ഇന്ത്യയ്ക്ക് പുറമെ അമേരിക്ക, കാനഡ, ബ്രസീൽ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലും വിപുലമായ യോഗ ദിനാഘോഷങ്ങൾ നടന്നു.

&&&&&&&&&&&&&&&&&

കേരള നിയമസഭ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച നാളെ തുടങ്ങും. ഈ മാസം 24 വരെ മൂന്ന് ദിവസമാണ് പൊതു ചർച്ച. 25 മുതൽ 28 വരെ സഭ ചേരില്ല. 29,30 തീയതികളിൽ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും നടക്കും. അടുത്ത മാസം ഒന്നിന് ധനവിനിയോഗ ബിൽ പാസ്സാക്കിയ ശേഷം പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം അവസാനിക്കും.

&&&&&&&&&&&&&&&&&

RNU TVPM

കെ മുരളീധരൻ - ഡ്രൈ ഡേ (ഇൻട്രോ)

കൊതുക് ജന്യ പകർച്ചവ്യാധികൾ തടയുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 'ഡ്രൈ ഡേ' ആചരണത്തിന് ഔദ്യോഗിക തുടക്കമായി. ആരോഗ്യ മന്ത്രി കെ മുരളീധരൻ ഔദ്യോഗിക വസതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയാണ് കാമ്പയ്ന് തുടക്കം കുറിച്ചത്. പൊതുജനങ്ങൾ ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ച് ഈ ദൗത്യത്തിൽ പങ്കാളികളാകണമെന്ന് അദ്ദേഹം പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&&&

ഡ്രൈ ഡേ - നിർദ്ദേശം (ഇൻട്രോ)

കൊതുക് വഴി പടരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് സംഘടിപ്പിക്കുന്ന 'ഡ്രൈ ഡേ' സംബന്ധിച്ച മാർഗനിർദേശങ്ങൾ ആരോഗ്യവകുപ്പ് പുറത്തിറക്കി.
വിശദശാംശങ്ങളിലേയ്ക്ക്.... **(വോയ്സ്)**

&&&&&&&&&&&&&&&&&&

ഡ്രൈ ഡേ - നിർദ്ദേശം (വോയ്സ്)

സ്കൂളുകളിൽ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകളിലും, വീടുകളിൽ ഞായറാഴ്ചകളിലും എന്നിങ്ങനെയാണ് ഡ്രൈ ഡേ ക്രമീകരിച്ചിരിക്കുന്നത്.
വീടിനു വെളിയിൽ കാണപ്പെടുന്ന ഉപയോഗശൂന്യമായ പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ടയർ, ചിരട്ടകൾ തുടങ്ങിയവ വൃത്തിയാക്കി വെള്ളം വീഴാത്ത സ്ഥലങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. വീടിൻറെ പരിസരങ്ങളിൽ വെള്ളം കെട്ടികിടക്കുന്ന സാഹചര്യം ഒഴിവാക്കണം.
പൊതു ഇടങ്ങളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങളും പാഴ് വസ്തുക്കളും വലിച്ചെറിയരുത്. ഈഡിസ് കൊതുക് മുട്ടയിട്ട് പെരുകാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതാണ്. റബ്ബർ തോട്ടങ്ങളിൽ വെള്ളം

RNJ TVPM

കെട്ടിനിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം.
ശരീരമാസകലം മൂടുന്ന വിധത്തിൽ ഇളം നിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുകയും കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ പുരട്ടുകയും ചെയ്യേണ്ടതാണ്.
ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&

നിപ

സംസ്ഥാനത്ത് നിപ നിയന്ത്രണ വിധേയമെന്ന് ആരോഗ്യവകുപ്പ്. നിലവിൽ ക്വാറന്റൈനിലുള്ള ആർക്കും രോഗ ലക്ഷണങ്ങളില്ല. സമ്പർക്കപട്ടികയിൽ നിന്ന് ഇതുവരെ പരിശോധിച്ച എല്ലാവരുടെയും സാമ്പിൾ ഫലം നെഗറ്റീവ് ആണ്. അതെസമയം, നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ കഴിയുന്ന രോഗിയുടെ നില മാറ്റമില്ലാതെ തുടരുന്നു. സംസ്ഥാനത്ത് 7 പേർക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&

എയിംസ് - സുരേഷ് ഗോപി

കേരളത്തിൽ എയിംസ് യാഥാർത്ഥ്യമാക്കാനുള്ള സാധ്യതകൾ വിദൂരമല്ലെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കോട്ടയത്ത് 'നവ ഭാരത സദസ്സ്' വികസിത ഭാരത കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ബജറ്റിൽ എയിംസിനായുള്ള സാധ്യതകൾ പ്രഖ്യാപിച്ചത് ഇതിന്റെ സൂചനയാണെന്നും ശ്രീ.സുരേഷ് ഗോപി പറഞ്ഞു.

&&&&&&&&&&&&&&&&&

ഞാറ്റുവേല ചന്ത പദ്ധതി

കൃഷിവകുപ്പിൻറെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന 'കർഷക സഭയും ഞാറ്റുവേല ചന്തയും' പദ്ധതിക്ക് നാളെ തുടക്കമാകും. മന്ത്രി ടി. സിദ്ദിഖ് തിരുവനന്തപുരം കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടനം നിർവ്വഹിക്കും. കേരളത്തിന്റെ കാർഷിക പാരമ്പര്യത്തെയും ഞാറ്റുവേല അധിഷ്ഠിത കൃഷി

RNUTVPM

സംസ്കാരത്തെയും പുതുതലമുറയിലേക്ക് പകർന്നു നൽകുന്നതിനൊപ്പം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

രമേശ് ചെന്നിത്തല

ഓപ്പറേഷൻ തൂഫാനിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാവില്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ആംബുലൻസ്, ഓൺലൈൻ ഫുഡ് ഡെലിവറി തുടങ്ങിയവയുടെ മറവിൽ മയക്കുമരുന്ന് വില്പന തുടർന്നാൽ കർശന നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ആലപ്പുഴയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.
ഹരിപ്പാട് മെഡിക്കൽ കോളേജ് പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ളതായിരിക്കുമെന്നും ഡി എം ഇ നാളെ സന്ദർശനം നടത്തുമെന്നും ശ്രീ രമേശ് ചെന്നിത്തല അറിയിച്ചു.

RMC TVPM

&&&&&&&&&&&&&&&&&&

ആർ ബി ഐ ഗവർണർ

റിസർവ്വ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര നാളെ കൊച്ചിയിൽ എത്തും. പാലാരിവട്ടം ദി റെനൈ കൊച്ചിൻ ഹോട്ടലിൽ രാവിലെ 9.30 ന് ആരംഭിക്കുന്ന എം എസ് എം ഇ സംരംഭകത്വ പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

തമിഴ്നാട് വാതക ചോർച്ച

തമിഴ്നാട്ടിലെ തിരുവള്ളൂരിൽ പെരിയപാളയത്തിന് സമീപമുള്ള സീഫുഡ് ഫാക്ടറിയിൽ അമോണിയ വാതകം ചോർന്ന് ആറ് മരണം. ചികിത്സയിൽ കഴിയുന്ന നിരവധി പേരുടെ നില ഗുരുതരമാണ്. സംഭവത്തെക്കുറിച്ച് അടിയന്തര അന്വേഷണത്തിന് തമിഴ്നാട് സർക്കാർ ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&

മഴ

തമിഴ്നാട്, മാഹി, കാരയ്ക്കൽ,കർണാടകയുടെ തീര പ്രദേശങ്ങൾ, പുതുച്ചേരി എന്നിവിടങ്ങളിൽ മറ്റന്നാൾ വരെ അതിശക്തമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. സിക്കിം,പശ്ചിമ ബംഗാളിൻറെ ഉത്തര മേഖലകൾ എന്നിവിടങ്ങളിൽ ചുവപ്പ് ജാഗ്രതയാണ്. അതെസമയം, കേരളത്തിൽ വ്യാപക മഴ തുടരും. 8 ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥയെ തുടർന്ന് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&

കണ്ണൂർ - ഹജ്ജ് (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി ഹജ്ജിന് പോയ തീർഥാടകരുടെ മടക്കയാത്ര ഇന്ന് ആരംഭിക്കും. ഇന്ന് രാത്രി ആദ്യ വിമാനം എത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(വോയ്സ്)

PNU TVPM

&&&&&&&&&&&&&&&&&

വനിതാ ഹോക്കി

FIH നേഷൻസ് കപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യക്ക് രണ്ടാം കിരീടം. ആതിഥേയരായ ന്യൂസിലാൻഡിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്താണ് ഇന്ത്യൻ വനിതകൾ കിരീടം നേടിയത്. ഈ വിജയത്തോടെ വനിതാ പ്രോ ലീഗിലേക്കും ഇന്ത്യ യോഗ്യത നേടി. കിരീട നേട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ടീം അംഗങ്ങളെ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&

ക്രിക്കറ്റ്

ത്രിരാഷ്ട്ര സീരീസ് പുരുഷ ക്രിക്കറ്റ് കിരീടം ഇന്ത്യ- A ക്ക്. ഫൈനലിൽ ശ്രീലങ്കയെ 66 റണ്ണിന് പരാജയപ്പെടുത്തി.

നേരത്തെ ടോസ് നഷ്ടപ്പെട്ടു ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 377 റൺ നേടിയിരുന്നു. വൈഭവ് സൂര്യവംശി 94 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്ക 48-ാാം ഓവറിൽ 311 റൺ എടുക്കുന്നതിനിടെ എല്ലാവരും പുറത്തായി.

&&&&&&&&&&&&&&&&&&

നീറ്റ് പരീക്ഷ

നീറ്റ്-യുജി പുനഃപരീക്ഷ പൂർത്തിയായി. രാജ്യത്തെ 551 നഗരങ്ങളിലും വിദേശത്തെ 14 നഗരങ്ങളിലുമായാണ് പരീക്ഷ നടന്നത്. 22 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരീക്ഷ എഴുതി. ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് പരീക്ഷാ കേന്ദ്രങ്ങളിൽ ഒരുക്കിയിരുന്നത്. മെയ് 3-ന് നടന്ന നീറ്റ് പരീക്ഷ, ചോദ്യപേപ്പർ ചോർന്നെന്ന് ആരോപണം ഉയർന്നതിനാൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി റദ്ദാക്കുകയായിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&